**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

ജലനിധി പദ്ധതി നടപ്പാക്കി വരുന്ന ജില്ലകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2148 — 10.10.2011 ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ് | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ജലനിധി പദ്ധതി നടപ്പാക്കി വരുന്നുവെന്ന് അറിയിക്കുമോ; | (എ) | ജലനിധി ഒന്നാം ഘട്ടപദ്ധതി ആലപ്പുഴ ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും നടപ്പിലാക്കിയിരുന്നു.<br><br>ജലനിധി രണ്ടാം ഘട്ട പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തു; വിശദാംശങ്ങൾ നല്കുമോ; | (ബി) | നടപ്പു സാമ്പത്തിക വർഷം എല്ലാ ജില്ലകളേയും പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടിട്ടുണ്ട്. ഇവയിലുൾപ്പെട്ട 30 പഞ്ചായത്തുകളിലാണ് ആദ്യ ബാച്ച് പദ്ധതി തുടങ്ങുന്നത്. (പട്ടിക ഉൾപ്പെടുത്തുന്നു.) |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ലഭിച്ചു; ആയതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി കൈക്കൊണ്ടു; വിശദാംശങ്ങൾ നല്കുമോ? | (സി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിൽ നിന്നും ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പാക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടായിരുന്നു. പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത ആദ്യ ഘട്ട പഞ്ചായത്തുകളിൽ തീക്കോയി ഉൾപ്പെട്ടിട്ടില്ല. എന്നാൽ വരും ഘട്ടങ്ങളിൽ പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത പഞ്ചായത്തിനും അപേക്ഷ സമർപ്പിക്കാൻ അവസരം നൽകുന്നതാണ്. ഈ വിവരം പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| നം | ജില്ല | നം | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | കാട്ടക്കട |
| | | 2 | മണിക്കൽ |
| 2 | കൊല്ലം | 3 | തെക്കുംഭാഗം |
| | | 4 | മൈനാഗപ്പള്ളി |
| | | 5 | കുലശേഖരപുരം |
| 3 | പത്തനംതിട്ട | 6 | കുന്നത്താനം |
| | | 7 | റാന്നി |
| 4 | ആലപ്പുഴ | 8 | മാരാറിക്കുളം |
| | | 9 | പുന്നപ്ര നോർത്ത് |
| 5 | കോട്ടയം | 10 | കടപ്ലമറ്റം |
| | | 11 | മുത്തോലി |
| 6 | ഇടുക്കി | 12 | കൊന്നത്തടി |
| | | 13 | ഇടുക്കി-കഞ്ഞിക്കുഴി |
| 7 | എറണാകുളം | 14 | മഞ്ഞല്ലൂർ |
| | | 15 | കടുങ്ങല്ലൂർ |
| 8 | തൃശൂർ | 16 | എലവള്ളി |
| | | 17 | നടത്തറ |
| 9 | പാലക്കാട് | 18 | എലവഞ്ചേരി |
| | | 19 | പെരിങ്ങോട്ടുകുറിശ്ശി |
| 10 | മലപ്പുറം | 20 | കരുവാരക്കുണ്ട് |
| | | 21 | കുറ്റിപ്പുറം |
| 11 | കോഴിക്കോട് | 22 | താമരശ്ശേരി |
| | | 23 | ചെറുവണ്ണൂർ |
| 12 | കണ്ണൂർ | 24 | ഇരിക്കൂർ |
| | | 25 | ഉദയഗിരി |
| 13 | വയനാട് | 26 | തരിയോട് |
| | | 27 | നൂൽപ്പുഴ |
| 14 | കാസർഗോഡ് | 28 | പുതിഗെ |
| | | 29 | പുല്ലൂർ-പെരിയ |
| | | 30 | പടന്ന |

സെക്ഷൻ ഓഫീസർ